ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: സാധാരണയായി തുലാമാസം മുതലാണ് ബഡ്ജറ്റ് പാസ്സാക്കുന്നത്. അതിനു മുമ്പ് അത്യാവശ്യമായി ഏതെങ്കിലും തുക ചെലവാക്കേണ്ടതായി വന്നാൽ അതിലേക്ക് ൨ ൦ ൦ രൂപാവരെയുള്ള സംഖ്യ അനുവദിക്കുന്നതിനു പഞ്ചായത്തു ഡയറക്ടർക്ക് അധികാരവുമുണ്ട്.

ശ്രീ. എ. താണുപിള്ള: തുലാമാസത്തിൽ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ബഡ്ജറ്റ് വർഷത്തിനു് എത്ര മാസം ഉണ്ട്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇതനുസരിച്ചുനോക്കുമ്പോൾ ഉദ്ദേശം ഏഴുമാസത്തോളമുണ്ട്.

ELECTRICITY TO VARAPUZHA

*13. [16] **Sri. Paul Thaliath:** Will the hon. Minister for Public Works be pleased to state.—

(*a*) whether the work of extending electricity to Varapuzha in Parur taluk has been taken up;

(*b*) if the answer is in the negative when the work will be started; and

(*c*) if the answer is in the affirmative, when the work will be finished?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) The work is being taken up.

(*b*) Does not arise.

(*c*) If the materials become available the work will be completed before the close of the financial year.

FOOD

*14. [17] **Sri. D. Gnanasigamoni:** Will the hon. Minister for Food be pleased to state.—

(*a*) the present stock position of food in the State.—

(*b*) the quantity needed for normal requirements calculated at the rate of 12 oz. per head?

(*c*) the present rate of ration; and

(*d*) whether any further reduction of ration is contemplated?

Minister For Finance and Food **(Sri. K. M. Korah):**

(*a*) The stock of food in the State on 8th September 1951 was—

(*i*) Rice including local paddy in terms of rice	..	9,945	tons
(*ii*) Wheat ..	..	1,934	tons
(*iii*) Milo ..	..	1,078	tons.

(*b*) The total requirements at the rate of 12 ozs. are estimated for 1951 at 5,68,000 tons.

(*c*) The scale of ration from 16th September 1951 is 4½ ozs. rice and 4½ ozs. of wheat or milo, 2 ozs. of wheat or milo being compulsory.

(d) No.

ശ്രീ. എ. കെ. പാപ്പുപിള്ള: ഒരു മാസത്തെ ഉപയോഗത്തിനു് എത്ര ടൺ ആഹാരസാധനങ്ങൾ ആവശ്യമുണ്ട്?

ശ്രീ. കെ. എം. കോര: ഉദ്ദേശം ൨ ൫, ൦ ൦ ൦ ടൺ.

Sri. D. Ganasigamoni: Are there complaints from any place about the rate of the rations?

Sri. K. M. Korah: No complaint has come to Government.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇപ്പോൾ നിലവിലിരിക്കുന്ന അളവു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ എം. കോര: ഇല്ല.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ കിട്ടുന്ന മൈലോ വളരെ മോശമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു ഗവൺമെൻറിനറിവില്ല. ചീത്ത സാധനമാണ് ലഭിച്ചിട്ടുള്ളതെങ്കിൽ അതേസംബന്ധിച്ചു തീർച്ചയായും അന്വേഷിക്കാം.

ക്ഷേത്രദഹനം

*ക. 8. (ക വു) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രദഹനം സംബന്ധിച്ച് മേലിൽ അന്വേഷണം നടത്തേണ്ട എന്നു സെൻട്രൽ ഗവൺമെൻറിൽനിന്നും ഈ ഗവൺമെൻറിലേക്ക് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ;

(ബി) ആ സംഭവം സംബന്ധിച്ച് അന്വേഷിക്കുന്നതിനു സ്പെഷ്യൽ ഡ്യൂട്ടിയിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു; ആരെയെല്ലാം;

(സി) അവരുടെ അന്വേഷണഫലമായി വല്ല തെളിവും കിട്ടിയിട്ടുള്ളതായി ഗവൺമെണ്ടിനു അറിവു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഡി. കേശവൻ):

(എ) ഇല്ല.

(ബി) ശ്രീ. കേശവമേനോന്റെ അന്വേഷണത്തിനു ശേഷം അന്വേഷണം നടത്തുവാനായി ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു സബ് ഇൻസ്പെക്ടർ, മൂന്നു ഹെഡ് കോൺസ്റ്റബിൾമാർ, ആറു കോൺസ്റ്റബിൾമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ അതിനെപ്പറ്റി കൂടുതൽ വിവരങ്ങൾ പറയുന്നതു യുക്തമായി തോന്നുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനെസംബന്ധിച്ചു ശ്രീ. കേശവമേനോന്റെ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവുകളും ഇവർക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒഫീഷ്യലായി ഒന്നും കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിനെപ്പറ്റി കൂടുതൽ അന്വേഷിക്കുവാൻ എതെങ്കിലും ഒരു നോൺഅഫീഷ്യൽ ബോഡിയെ നിയമിക്കുവാൻ വിരോധമുണ്ടോ?

(No Answer.)

ശ്രീ. മാന്നാർ ഗോപാലൻ നായർ: സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ളവരുടെ കാലാവധി തീർന്നുവോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ സ്പെഷ്യലാഫീസർക്ക് ശ്രീ. കേശവമേനോന്റെ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly